പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5790 27-10-2011-ലെ മറുപടിക്ക്

## കുട്ടനാടൻ പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കുട്ടനാടൻ പാക്കേജിൻകീഴിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ ഓഡിറ്റിനു വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | കുട്ടനാട് പാക്കേജിൻ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധ വകുപ്പുകളുടെ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളിൽ ഉള്ള ഓഡിറ്റ് സംവിധാനം കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്കും കൂടി ബാധകമാക്കാവുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | വിവിധ വകുപ്പുകൾക്ക് കീഴിൽ നടപ്പാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും കാര്യക്ഷമവുമാക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപനം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത പ്രവർത്തനപരിപാടിയിൽ ഡോ. എം.എസ്. സ്വാമിനാഥന്റെ സാന്നിധ്യം ഉറപ്പുവരുത്തുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | മുഖ്യമന്ത്രി അദ്ധ്യക്ഷനായ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിൽ എം. എസ്. സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷന്റെ ഒരു മുതിർന്ന പ്രതിനിധിയെ ഉൾപ്പെടുത്താൻ തിരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ